Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

ധനകാര്യവകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-ധനസഹായവിതരണം-ഓൺലൈൻ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി ബി റ്റി) സംവിധാനത്തിലൂടെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിയ്ക്കുന്നത്-മാനദണ്ഡങ്ങൾ നിശ്ചയിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി.ഒ (ആർ.ടി) നം.3044/2018/ധന തിരുവനന്തപുരം, തീയതി, 31.03.2018

==============================================================

പരാമർശം:- 1. 14.03.2018-ൽ റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം കാലതാമസം കൂടാതെ ഗുണഭോക്താവിന് ലഭിയ്ക്കുന്നതിനുവേണ്ടി ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ധനകാര്യ വകുപ്പിൽ നിന്ന് നേരിട്ട് നൽകുന്നതിന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഡി ബി റ്റി സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിച്ച് നൽകുന്നത് താഴെപറയുന്ന മാനദണ്ഡങ്ങൾ പ്രകാരമായിരിക്കും;

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രവർത്തനങ്ങളും (അപേക്ഷ സ്വീകരിക്കൽ, സൂക്ഷ്മ പരിശോധന, റിപ്പോർട്ട്, ഉത്തരവ് പുറപ്പെടുവിക്കൽ, ധനസഹായവിതരണം മുതലായവ) പൂർണ്ണമായും ഇതിനായി വികസിപ്പിച്ച www.cmo.kerala.gov.in സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രമായിരിക്കും.
2. ഈ നിധിയിൽ നിന്ന് അർഹമായ ധനസഹായം ഓൺലൈൻ ഡി ബി റ്റി സംവിധാനം വഴി തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മുഖ്യഅക്കൗണ്ടായ റ്റി പി എ നം.70101020000080 -ൽ നിന്ന് നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ധനകാര്യവകുപ്പിൽ നിന്നും നേരിട്ട് അനുവദിയ്ക്കുന്നതാണ്.

3. ഈ നിധിയിൽ നിന്നും അനുവദിയ്ക്കുന്ന തുകയുടെ പ്രൊപ്പോസൽ സോഫ്റ്റ് വെയർ സംവിധാനം വഴി ഗുണഭോക്താക്കളുടെ വിവരങ്ങൾ ക്രോഡീകരിച്ച് റവന്യൂ വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിയ്ക്കുന്നതിനായി റവന്യൂ വകുപ്പ് ഉത്തരവിലൂടെയും ജില്ലാകളക്ടറുടെ ഉത്തരവിലൂടെയും അനുവദിയ്ക്കുന്ന തുകയ്ക്കുള്ള അപേക്ഷ ഓൺലൈൻ വഴി ഗുണഭോക്താവിന്റെ വിവരങ്ങൾ ക്രോഡീകരിച്ച് റവന്യൂ സ്പെഷ്യൽ സെക്രട്ടറി ധനകാര്യവകുപ്പിലേക്ക് വ്യക്തമായ ശിപാർശയോടെ നൽകേണ്ടതാണ്.

5. ധനകാര്യ എക്സ് പെൻഡിച്ചർ സെക്രട്ടറി/ധനകാര്യ സ്പെഷ്യൽ സെക്രട്ടറി തലത്തിൽ തുക പാസ്സാക്കി ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകുന്നതാണ്. **ഡി ബി റ്റി സംവിധാനം വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് തുക അനുവദിയ്ക്കുന്നതിന് ഇനിമുതൽ ചെക്ക് സംവിധാനം ഉണ്ടായിരിക്കുന്നതല്ല.** ഒരു ദിവസത്തെ മുഴുവൻ തുകയുടെയും വിതരണത്തിനായി ചെക്കിനു പകരമായി ഒരു Unique identification number ഏർപ്പെടുത്തിയാവും ധനകാര്യവകുപ്പിൽ നിന്നും ഇനിമുതൽ ട്രഷറിക്ക് ഇതിനുള്ള അനുവാദം നൽകുന്നത്.

6. ധനകാര്യ വകുപ്പിൽ നിന്നും ലഭിയ്ക്കുന്ന മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർ തുക ഡി ബി റ്റി സംവിധാനം വഴി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അന്നുതന്നെ അനുവദിച്ച് നൽകേണ്ടതാണ്.

7. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് തുക അനുവദിയ്ക്കുന്നതിനായി നിലവിലുള്ള ചെക്ക് സമ്പ്രദായം പൂർണ്ണമായും ഒഴിവാക്കി മേൽപറഞ്ഞിട്ടുള്ള രീതി അവലംബിയ്ക്കുന്നതുമായി ബന്ധപ്പെട്ട് അനുയോജ്യമായ ഭേദഗതികൾ കേരള ട്രഷറി കോഡിന്റെ ചട്ടങ്ങളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

8. ഫണ്ട് അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട് സി-ഡി റ്റിന്റെ സോഫ്റ്റ് വെയർ പ്രവർത്തന സംവിധാനം ട്രഷറിയുടെ സോഫ്റ്റ് വെയർ പ്രവർത്തന സംവിധാനവുമായി അനുയോജ്യമായ പ്രവർത്തന ഏകീകരണം ഉറപ്പാക്കേണ്ടതും ഫണ്ട് അനുവദിയ്ക്കുന്നതിലെ ഇരട്ടിപ്പ്, റീഫണ്ട് എന്നിവ നിയന്ത്രിക്കേണ്ടതുമാണ്.

9. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിയ്ക്കുന്നതിനായി ധനകാര്യ വകുപ്പ് വഴി സമർപ്പിക്കുന്ന ക്രോഡീകരിച്ച വിവരണം (ഗുണഭോക്താവിന്റെ പേര്,

അഡ്രസ്സ്, തുക, ബാങ്ക് അക്കൗണ്ട്, IFSC Code, ബാങ്കിന്റെ പേര് മുതലായവ) കൃത്യമാണെന്ന് റവന്യൂ വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവിന് 2018 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കും

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**

**വി.രാജപ്പൻ**

**സ്പെഷ്യൽ സെക്രട്ടറി (ധനകാര്യം)**

<u>പകർപ്പ്</u>

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ),കേരള, തിരുവനന്തപുരം
3. പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ഓഫീസ്
4. പ്രൈവറ്റ് സെക്രട്ടറി, ധനകാര്യവകുപ്പ് മന്ത്രിയുടെ ഓഫീസ്
5. പ്രൈവറ്റ് സെക്രട്ടറി, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്
6. പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷനേതാവിന്റെ ഓഫീസ്
7. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ (ഡി ആർ എഫ് )വകുപ്പ്
8. ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ് , തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
10. എല്ലാ വകുപ്പ് മേധാവികൾക്കും
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. സ്റ്റേറ്റ് നോഡൽ ഓഫീസർ (www. finance.kerala.gov.in)
13. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിനായി)
14. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ